"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-14-07-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 'സഞ്ചരിക്കുന്ന മൃഗാശുപത്രി' പദ്ധതിയ്ക്ക് 2021-22 വർഷം അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.1419/2021/LSGD തീയതി,തിരുവനന്തപുരം, 28/07/2021

---

പരാമർശം:-
1. സ.ഉ.(സാധാ) നം.21/2020/ത.സ്വ.ഭ.വ തീയതി 03.01.2020
2. വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.06.2021 ലെ നമ്പർ കത്ത്
3. 14-07-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.34-ാം നമ്പർ തീരുമാനം

### ഉത്തരവ്

പനമരം ബ്ലോക്ക് പഞ്ചായത്ത് 2019-20-ൽ സഞ്ചരിക്കുന്ന മൃഗാശുപത്രി എന്ന പ്രോജക്ട് നടപ്പാക്കിയിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 06.12.2019 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവു പ്രകാരമാണ് പദ്ധതി നടപ്പാക്കിയത്. പശുക്കളുടെയും മറ്റു വളർത്തു മൃഗങ്ങളുടെയും ചികിത്സ കർഷകരുടെ വീടുകളിൽ എത്തി ഉറപ്പാക്കുകയായിരുന്നു പ്രോജക്ടിലൂടെ ലക്ഷ്യമിട്ടത്. പ്രോജക്ടിന് കീഴിൽ 10 വർഷം പരിചയമുള്ള വെറ്റിനറി ഡോക്ടറെ കരാറടിസ്ഥാനത്തിൽ നിയമിക്കുകയും ഇവർക്ക് സഞ്ചരിക്കാൻ വാഹനം, ഡ്രൈവർ-കം-അറ്റന്റർ തുടങ്ങിയവ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. ഇതേ രീതിയിൽ 2021-22 വർഷം കൂടി ഈ പ്രോജക്ട നടപ്പാക്കാൻ അനുമതി നൽകണമെന്ന പരാമർശം (2) പ്രകാരമുള്ള അപേക്ഷയ്ക്ക് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി പരാമർശം ( 3 ) പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

2.മേൽ വിവരിച്ച സാഹചര്യത്തിൽ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 'സഞ്ചരിയ്ക്കുന്ന മൃഗാശുപത്രി' എന്ന പദ്ധതിയ്ക്ക് ടി പദ്ധതി 2019-20 വർഷം നടപ്പാക്കിയ രീതിയിൽ തന്നെ 2021-22 വർഷവും നടപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Shija C G
Deputy Secretary

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, പനമരം ബ്ലോക്ക് പഞ്ചായത്ത്, വയനാട്

ജില്ലാ പ്ലാനിംഗ് ഓഫീസർ,, വയനാട്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ.)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 29-07-2021 12:43:33
Reason: Approved
സെക്ഷൻ ഓഫീസർ